ന്നുവരുന്നു. റിബേറ്റ്, എം.ഡി.എ എന്നീ പദ്ധതികൾ പ്രകാരമുള്ള ധനസഹായം വിപണിയിലെ മത്സരം നേരിടാൻ പ്രയോജനപ്രദമാകുന്നു.

(ഇ) ഇപ്പോൾ ഈ സംവിധാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതേയുള്ളൂ. അതുകൊണ്ട് ഇപ്പോൾ വിപുലീകരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

1999-ലെ ഓണ വിപണി ലക്ഷ്യമാക്കി ഹാൻടെക്സ് താഴെ വിവരിക്കുന്ന പുതിയ തുണിത്തരങ്ങൾ കൂടി മാർക്കറ്റിൽ ഇറക്കാൻ ഉദ്ദേശിക്കുന്നു.

1. സുഗന്ധം വിതറുന്ന സാരികൾ
2. 100% കോട്ടൺ -ടൈ-ഡൈ സാരികൾ.
3. സ്റ്റെയിൻ ഗാർഡ് കോട്ടൺ വേഷ്ടികൾ
4. സ്റ്റെയിൻ ഗാർഡ് കോട്ടൺ ബഡ്ഷീറ്റുകൾ

ഹാൻവീവിലും പരമ്പരാഗത ഉല്പന്നങ്ങൾക്ക് പുറമേ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് നിറങ്ങളിലും ഡിസൈനുകളിലും ഉള്ള ഷർട്ടിംഗ്, സ്യൂട്ടിംഗ്, ബെഡ്ഷീറ്റുകൾ, ഫർണിഷിംഗ് ടൗവ്വൽ എന്നീ ഇനങ്ങൾ ഉല്പാദിപ്പിച്ച് വിണനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

5 (*125) ഇക്കോ കയർ വില്ലേജുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ കയർ വില്ലേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സംരംഭത്തിന് വേണ്ടി വരുന്ന മുതൽമുടക്ക് എങ്ങനെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത് നടപ്പാക്കുന്ന ജില്ലകളിലെ നിലവിലുള്ള കയർ യൂണിറ്റുകളെ ഇത് എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ഇ) ഈ സംരംഭത്തിലൂടെ എത്രത്തോളം പുതിയ തൊഴിലവസരം ഉണ്ടാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(എഫ്)ഈ വില്ലേജുകൾക്ക് ആവശ്യമായി വരുന്ന പഠന ഗവേഷണങ്ങൾക്ക് ഏർപ്പെടുത്തുന്ന സംവിധാനമെന്താണെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഈ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ചകിരി, കയർയാൺ, പിത്ത് (ചകിരിച്ചോറ്) എന്നിവ ഉപയോഗിച്ച് വൈവിധ്യമാർന്ന പുതിയ കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായയൂണിറ്റുകളുടെ സമുച്ചയം ആണ് എക്കോ കയർ വില്ലേജുകൾ എന്നതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് കൂടാതെ ഒരു പരിശീലന ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്.

(സി) ഇതിനാവശ്യമായ തുക കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും എൻ.സി.ഡി.സി. സിഡ്ബി (സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ) തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ വഴിയും കണ്ടെത്താനുള്ള നിർദ്ദേശമാണ് പരിഗണനയിലുള്ളത്.

(ഡി) അതാതു ജില്ലകളിലെ നിലവിലുള്ള പ്രവർത്തനക്ഷമമായ കയർ സഹകരണ സംഘങ്ങളുടെ നിയന്ത്രണത്തിൽ ഇക്കോ കയർ വില്ലേജുകളിലെ യൂണിറ്റുകൾ ആരംഭിക്കണമെന്നതാണ് പരിഗണനയിലുള്ള നിർദ്ദേശം. ഈ നിർദ്ദേശം നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനത്തെ കാര്യക്ഷമമാക്കുന്നതിന് സഹായിക്കുന്നതാണ്.

(ഇ) ഉദ്ദേശം 8000 (എണ്ണായിരം) പേർക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

(എഫ്) ഇക്കോ കയർ വില്ലേജുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ആലപ്പുഴ കേന്ദ്രീകരിച്ച് ഒരു സെന്റർ തുടങ്ങുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. ഈ സെന്ററിന്റെ പരിധിയിലും നിയന്ത്രണത്തിലുമായിരിക്കും പഠന ഗവേഷണ പരിശീലന കേന്ദ്രവും പ്രവർത്തിക്കുക. ഈ രംഗത്തു പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധരുടേയും സ്ഥാപനങ്ങളുടേയും സേവനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടായിരിക്കും കേന്ദ്രത്തിന് രൂപം നൽകേണ്ടത് എന്ന നിർദ്ദേശമാണ് പരിഗണനയിലുള്ളത്.

6 (*126) കാലവർഷക്കെടുതി നേരിടാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികൾ നേരിടാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇക്കഴിഞ്ഞ മേയ് മാസവും ജൂൺ മാസം ആദ്യവും ഉണ്ടായ കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള നഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തുമോ;

(ഡി) കാലവർഷക്കെടുതിമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും വീട് നഷ്ടപ്പെട്ടവർക്കും മറ്റും എന്തെല്ലാം ആശ്വാസ നടപടിയാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് പറയുമോ;

(ഇ) കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കുവാൻ റവന്യൂ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly